## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 4612

18.12..2014 -ൽ മറുപടിയ്ക്ക്

# രാജാരവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ്

| ചോദ്യം<br>ശ്രീ.ആർ.രാജേഷ് | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) മാവേലിക്കര രാജാരവി വർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സിനെ പൂർണ്ണ സജ്ജമാക്കി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ. നൽകിയ കത്തിൻ മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) മാവേലിക്കര രാജാരവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സിനെ പൂർണ്ണ സജ്ജമാക്കി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.ആർ.രാജേഷ് എം.എൽ.എ. നൽകിയ കത്തിൻമേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കോളേജിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ലൈഫ് മോഡലുകൾക്ക് വേണ്ടിവരുന്ന ഫണ്ട് കഴിഞ്ഞ മൂന്നുവർഷമായി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br>(സി) പ്രസ്തുത ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) & (സി) മാവേലിക്കര ഫൈൻ ആർട്സ് കോളേജിലെ ലൈഫ് മോഡലുകൾക്കാവശ്യമായ ഫണ്ട് പ്രത്യേക ശീർഷകത്തിൽ അനുവദിക്കാറില്ല. "2205-00-101-94-34 OC (3) 01 (NP) " എന്ന ശീർഷകത്തിൽ അനുവദിക്കുന്ന തുക സംസ്ഥാനത്തെ മൂന്ന് ഫൈൻ ആർട്സ് കോളേജു കൾക്കുമായി നൽകുകയാണ് ചെയ്യുന്നത്. ടി തുക ഉയർത്തി നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ അതിൻമേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | നൂറാം വർഷത്തിലേക്ക് കടക്കുന്ന പ്രസ്തുത കോളേജിൽ ലൈബ്രേറിയൻ തസ്തിക ഇല്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കോളേജിൽ ലൈബ്രേറിയനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ഇ) & (എഫ്) & (ജി) | മാവേലിക്കര ഫൈൻ ആർട്സ് കോളേജിലെ ലൈബ്രറിയുടെ സുഗമമായ നടത്തിപ്പിനായി ലൈബ്രേറിയൻ ഗ്രേഡ് - IV, ലൈബ്രറി അറ്റൻഡർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ റിപ്പോർട്ട് നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കോളേജിൽ സ്റ്റുഡിയോ അസിസ്റ്റന്റിനെ നിയമിക്കുന്ന കാര്യവും, ഹോസ്റ്റലും, ക്യാന്റീനും ആരംഭിക്കുന്ന കാര്യവും തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |
| (എഫ്) | പ്രസ്തുത കോളേജിൽ സ്റ്റുഡിയോ അസിസ്റ്റന്റ് നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | |
| (ജി) | പ്രസ്തുത കോളേജിൽ ഹോസ്റ്റലും ക്യാന്റീനും ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ? | | |

*സെക്ഷൻ ഓഫീസർ*